പതിനാലാം കേരള നിയമ സഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 59 07 -08-2017-ൽ മറുപടിക്ക്.

**ഐ.ടി. ഉൽപന്നങ്ങൾക്കുള്ള ജി.എസ്.ടി**

**ചോദ്യം** **മറുപടി**

ശ്രീ.സി. ദിവാകരൻ

ശ്രീ. പിണറായി വിജയൻ
(മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജി.എസ്.ടി നിലവിൽ വന്നത് സംസ്ഥാനത്തെ ഐ.ടി മേഖലയെ എങ്ങനെയൊക്കെ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി നിലവിൽ വന്നത് സംസ്ഥാനത്തെ ഐ.ടി മേഖലയെ സാരമായി ബാധിച്ചിട്ടില്ലെങ്കിലും ഇതു സംബന്ധിച്ച് പൊതുവായ ആശങ്കകളും, അവ്യക്തതകളും ഐ.ടി മേഖലയിൽ നിലനിൽക്കുന്നുണ്ട്. ഐ.ടി പദ്ധതികളുമായി ബന്ധപ്പെട്ടുള്ള കോൺട്രാക്ടർമാർ, സപ്ലൈയർമാർ തുടങ്ങിയവർക്ക് അവരുടെ മേഖലകളിലുള്ള ജി.എസ്.ടി സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ക്വാട്ടേഷനുകൾ സമർപ്പിക്കുന്നതിനും സാധനങ്ങൾ വിതരണം ചെയ്യുന്നതിനും കാലതാമസം നേരിടുന്നുണ്ട്. |
| (ബി) | ഐ.ടി ഉൽപന്നങ്ങൾക്ക് എത്ര ശതമാനം നികുതിയാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | ഐ.ടി മേഖലയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾക്ക് 18% മുതൽ 28% വരെയാണ് നികുതി ചുമത്തിയിട്ടുള്ളത്. ഐ.ടി കയറ്റുമതി മേഖലകളെ ജി.എസ്.ടി-യിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ